പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4407.

21.03.2018 ൽ
മറുപടിക്ക്

## പോലീസ് സർജൻ തസ്തിക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പോലീസ് സർജൻ തസ്തിക നിലവിലുണ്ട്;വ്യക്തമാക്കാമോ ; | (എ) | സ്പെഷ്യാലിറ്റി കേഡറിൽ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന തസ്തികകൾ നിലവിലുണ്ട്.<br>ചീഫ് കൺസൾട്ടന്റ് – 1<br>സീനിയർ കൺസൾട്ടന്റ് – 1<br>കൺസൾട്ടന്റ് – 1<br>ജൂനിയർ കൺസൾട്ടന്റ് – 15<br>ആകെ - 18 |
| (ബി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിൽ നിന്നും ദുരൂഹമരണങ്ങളിൽപ്പെട്ട മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്യുന്നതിനായി മറ്റ് ജില്ലകളിലേക്ക് കൊണ്ടുപോകേണ്ടിവരുന്നത് മൂലം വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പോലീസ് സർജന്മാരില്ലാതെ പോസ്റ്റുമോർട്ടം ചെയ്യാൻ ഡോക്ടർമാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ആയത് പരിഹരിക്കുവാൻ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആവശ്യത്തിന് പോലീസ് സർജന്മാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഡി) | എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കൂടുതലായി പോലീസ് സർജന്മാരെ നിയമിക്കുന്നതിനുള്ള ശുപാർശകൾ ഒന്നും പരിഗണനയിലില്ല. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മൂവാറ്റുപുഴ, മഞ്ചേരി, തൃശ്ശൂർ, കോഴിക്കോട്, കാസറഗോഡ് എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളും, കൊല്ലം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ആശുപത്രികളുമുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ആകെ 18 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ